**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 731** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പ്രകൃതിക്ഷോഭം മൂലം ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ എന്തൊക്കെ നാശനഷ്ടമാണ് ഉണ്ടായത്; ആയതിന്റെ തോത് എത്രയാണെന്ന് വിശദമാക്കുമോ; | (എ) | പ്രകൃതിക്ഷോഭം മൂലം ഉറുമി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ നാശനഷ്ടങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. പക്ഷെ 04.07.2023-ൽ കാലപ്പഴക്കം മൂലം ഉറുമി-II ലെ പെൻസ്റ്റോക്ക് പൊട്ടുകയും, 3x0.8MW സ്ഥാപിത ശേഷിയുള്ള വൈദ്യുതി നിലയത്തിലെ ജനറേറ്ററുകളും അനുബന്ധ ഉപകരണങ്ങളും വെള്ളത്തിൽ മുങ്ങുകയും ചെയ്തു. പ്രസ്തുത പദ്ധതി പുന:രാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇലക്ട്രോ-മെക്കാനിക്കൽ ഉപകരണങ്ങൾക്ക് ഏകദേശം 4.18 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.<br><br>ഈ പദ്ധതിയുടെ നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനും പുനർനിർമ്മാണ ത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതി പരിശോധനകൾ നടത്തിവരികയും, റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പെൻസ്റ്റോക്കിന്റെ നാശനഷ്ടത്തിന്റെയും പുനർനിർമ്മാണത്തിന്റെയും തോത് സമിതി റിപ്പോർട്ട് കിട്ടിയതിനുശേഷം ലഭ്യമാകുകയുള്ളൂ. |
| (ബി) | പ്രസ്തുത പദ്ധതി പുനഃരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സമിതി റിപ്പോർട്ട് ലഭ്യമായതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ